സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 2026

## എം. എസ്. സി. എൽ. പി. സ്കൂൾ

## നരിയാപുരം.

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 2026

## എം. എസ്. സി. എൽ. പി. സ്കൂൾ

## നരിയാപുരം.

## ലക്ഷ്യങ്ങൾ

മതനിരപേക്ഷ ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്തജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക. അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല ലക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തനകലണ്ടർ രൂപപ്പെടുത്തൽ. അധ്യാപനവും അധ്യയനവും സർഗ്ഗാത്മകവും രസകരവുമാക്കാൻ ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

## ആമുഖം.

പത്തനംതിട്ട ജില്ലയിലെ വള്ളിക്കോട് പഞ്ചായത്തിൽ ഒന്നാം വാർഡിലെ ഏക പ്രൈമറി വിദ്യാലയമാണ് നരിയാപുരം എം. എസ്. സി. എൽ. പി. സ്കൂൾ. 1933 ൽ സ്ഥാപിതമായ ഈ സ്കൂൾ ഗ്രാന്റ് സ്കൂൾ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ആദ്യകാലത്ത് പാണ്ടിയത്ത് റ്റി. കെ. തോമസ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലായിരുന്നു. പ്രാരംഭഘട്ടം മുതൽ 1 മുതൽ 5 വരെ ക്ലാസുകൾ ഉണ്ടായിരുന്നു. പിന്നീട് എം. എസ്. സി. മാനേജ്മെന്റിന് സ്കൂൾ വിട്ടുകൊടുത്തു

## വിദ്യാലയത്തിന്റെ ചരിത്രം:

ഭുവനേശ്വരം നിവാസികളുടെ പ്രൈമറിവിദ്യാഭ്യാ
സം എന്ന ആവശ്യം ആ പ്രദേശത്ത് നിന്നു തന്നെ
സാധ്യമാക്കുന്നതിന് 1933 ൽ ഈ വിദ്യാലയം സ്ഥാപിച്ചു.
പാണ്ടിയത്ത് മാനേജർ ശ്രീ. റ്റി. ഐ. തോമസ്
പമ്പാരേത്ത് ശ്രീ. പി. സി. വർഗീസ്, നിലയ്ക്കൽ കിഴ-
ക്കേതിൽ ശ്രീ. എൻ. ഒ. ജോർജ്ജ് എന്നിവരുടെ
മേൽനോട്ടത്തിൽ എം. പി. ഗ്രാന്റ് സ്കൂൾ എന്ന പേരിൽ
ഈ സ്ഥാപനം തുടങ്ങി. പ്രഥമ പ്രധാനാധ്യാപകൻ പമ്പാ
രേത്ത് ശ്രീ. പി. സി. വർഗീസ് ആയിരുന്നു.

സ്കൂൾ മാനേജരായിരുന്ന പാണ്ടിയത്ത്
ശ്രീ. റ്റി. ഐ. തോമസ് ഈ സ്കൂൾ മലങ്കര കത്തോലിക്കാ
സഭയ്ക്ക് കൈമാറി. തുടക്കകാലത്ത് 1 മുതൽ 5 വരെ
ക്ലാസുകൾ ഉള്ള പൂർണ്ണ എൽ. പി. സ്കൂളായി
ഗവൺമെന്റ് അംഗീകാരം ലഭിച്ചു. ഇപ്പോഴത്തെ കെട്ടിടം
1988-ൽ പണി കഴിപ്പിച്ചതാണ്. 13 സെന്റ് സ്ഥലത്താണ്
സ്കൂൾ സ്ഥിതിചെയ്യുന്നത്.

## വിദ്യാലയം മികവിന്റെ കേന്ദ്രം.

അക്കാദമിക മികവ് വിദ്യാലയത്തിന്റെ മികവ് എന്ന
ആശയം ഉൾക്കൊണ്ട് വരും വർഷങ്ങളിൽ പാഠ്യപദ്ധതിയുടെ
പുനരവലോകനവും ഭിന്നശേഷിക്കാർക്ക് ഉപയോഗപ്രദമാകു
ന്ന പഠനപ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യപരിമിതി
കൾ പരിഹരിക്കാനുള്ള നടപടികളും ഫലപ്രദമായ
വിവരസാങ്കേതിക വിദ്യാഭ്യാസം ഇംഗ്ലീഷ് വിദ്യാഭ്യാസം-

എന്നിവ സാധ്യമാകുന്നതിനുള്ള പ്രവർത്തനങ്ങൾ ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങൾ മനോഭാവങ്ങൾ രൂപപ്പെടുന്നതിനുള്ള സാഹചര്യം ഒരുക്കൽ. പരിസ്ഥിതി സ്നേഹം വർദ്ധിപ്പിക്കുക. ഭൂമിയെ സംരക്ഷിക്കുക, കൃഷിയോടുള്ള താല്പര്യം ഉളവാക്കുക. ഇത്തരത്തിലുള്ള കാര്യങ്ങളിൽ അവബോധം സൃഷ്ടിക്കൽ.

ഹെഡ്മിസ്ട്രസ് ഉൾപ്പെടെ മൂന്ന് അധ്യാപകർ സേവനം അനുഷ്ഠിക്കുന്നു. ശക്തമായ ഒരു പി.ടി.എ പ്രവർത്തിക്കുന്നു. എം.പി.ടി.എയും ശക്തമായി പ്രവർത്തിക്കുന്നു.

## കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്

ഇംഗ്ലീഷ് ഭാഷയിൽ ആശയവിനിമയത്തിനുള്ള ശേഷിക്കുറവ് പരിഹരിക്കുന്നതിനായി ഹലോ ഇംഗ്ലീഷിനു പ്രാധാന്യം നൽകി ഇംഗ്ലീഷിന് കൂടുതൽ ക്ലാസ് നൽകുക. ഇംഗ്ലീഷ് അക്ഷരങ്ങൾ ഉറപ്പിക്കുന്നതിന് അക്ഷരം എഴുതിപ്പിക്കുന്നു.

## മാതൃഭാഷാ വികസനം.

മാതൃഭാഷ മെച്ചപ്പെടുത്തുന്നതിന് മലയെഴുത്ത്, പ്രോത്സാഹിപ്പിക്കും. മലയാളത്തിളക്കം, വായനാചങ്ങാത്തം, വായനോത്സവം, രചനോത്സവം എന്നിവ നടത്തുകയും കുട്ടികളുടെ ആശയവിനിമയശേഷിയും രചനാശേഷിയും മെച്ചപ്പെടുത്തുന്നതിനായി കഥ, കവിത ഇവയൊക്കെ രചിക്കുന്നതിനുള്ള അവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കും.

സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിനുതകുന്ന പ്രവർത്തനങ്ങൾ നൽകുന്നു.

## ഭാഷാപഠനം

കുട്ടികളുടെ മാതൃഭാഷാ നിലവാരം ഉയർത്തുക.
സർഗ്ഗാത്മക രചനകളിൽ കുട്ടികൾക്ക് അവസരം നൽകുക
വായനാ അനുഭവങ്ങൾ വിവിധ രീതിയിൽ പങ്കിടുന്നതിന് അവസരം സൃഷ്ടിക്കുക, രചനാപരമായ കഴിവുകൾ വികസിപ്പിക്കുക
കുട്ടികളുടെ സർഗ്ഗാത്മക രചനകൾ പ്രദർശിപ്പിക്കുക.

## ഗണിതപഠനം.

ഗണിത കളികളിലൂടെ ഗണിത പഠന അനുഭവങ്ങളൊരുക്കുന്നു. ഇതിനായി ഉല്ലാസഗണിതം ഒന്ന് രണ്ട് ക്ലാസുകളിൽ ഗണിത വിജയം മൂന്ന് നാല് ക്ലാസുകളിലും നൽകുന്നു. കുട്ടികളിൽ സങ്കലനം, വ്യവകലനം, ഗുണനം, ഹരണം, എന്നീ അടിസ്ഥാന ശേഷികൾ ഉറപ്പിക്കുന്നു.

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|
| ഹോം ലൈബ്രറി സജ്ജീകരണം | ജൂലൈ അവസാനം | രക്ഷകർത്താക്കൾ |
| ക്ലാസ് ലൈബ്രറി | ജൂൺ | അധ്യാപകർ |
| കുട്ടികളുടെ നിലവാരത്തിനനുസൃതമായി പുസ്തകം തെരഞ്ഞെടുക്കൽ, വായനക്കുറിപ്പ് തയ്യാറാക്കൽ അവതരണം, പതിപ്പ് തയ്യാറാക്കൽ, പ്രദർശനം. | ജൂൺ - മാർച്ച് | ക്ലാസ് അധ്യാപകർ പ്രധാനാധ്യാപിക. |
| - ടിന നിലവാരക്കാർക്ക് ചിത്രവായന, അക്ഷരകാർഡുകൾ ഉപയോഗിച്ച് പദനിർമ്മാണം, വാക്യം നിർമ്മിക്കൽ. | ജൂൺ - മാർച്ച് | അധ്യാപകർ രക്ഷകർത്താക്കൾ |
| ആനുകാലിക പ്രസിദ്ധീകരണങ്ങൾ വരുത്തൽ. കുട്ടികളുടെ വായന അസംബ്ലിയിൽ അവതരണം. | ജൂൺ - മാർച്ച് | അധ്യാപകർ പ്രധാനാധ്യാപി |
| കുട്ടികൾക്കും രക്ഷിതാക്കൾക്കും ലൈബ്രറി പുസ്തകങ്ങൾ മാറി വായിക്കാനുള്ള അവസരം | ജൂൺ - മാർച്ച് | മാതൃസമിതി |

വായനാസാമഗ്രികളുടെ ശേഖരണം, കുട്ടികളുടെ പങ്കാളിത്തത്തോടെ നിർമ്മാണം, കുട്ടികളുടെ പങ്കാളിത്തത്തോടെ ലൈബ്രറി വികസിപ്പിക്കുക. എല്ലാ കുട്ടികളെയും വായനയിൽ മുഴുകുന്നവരാക്കി മാറ്റുക. വായിച്ചറിഞ്ഞ അനുഭവങ്ങൾ വിവിധ രൂപത്തിലേക്ക് മാറ്റപ്പെടുക. ചിഹ്നങ്ങൾ ഉൾപ്പെ വാക്യഘടന പാലിച്ച് പൂർണ്ണ ആശയത്തോടെ എഴുതു

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|
| പഠനനിലവാരം കുട്ടികളിലെ പഠന-നിലവാരം പരിശോധിക്കാൻ | ജൂൺ | അധ്യാപക |
| പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനം തയ്യാറാക്കൽ | | SRG |
| സ്കൂൾതല ലൈബ്രറിശാക്തീകരണം | ജൂൺ - മാർച്ച് | അധ്യാപ |
| വിദ്യാരംഗം പ്രവർത്തനങ്ങൾ | ജൂൺ മുതൽ ആഴ്ചയിലൊരിക്കൽ | അധ്യാ കുട്ടിക |
| ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും മത്സരം സംഘടിപ്പിക്കൽ അവതരിപ്പിക്കൽ | വിദ്യാരംഗം | വിദ്യാരംഗ കൺവീ |

| | | |
|---|---|---|
| ക്വിസ് മത്സരങ്ങൾ നടത്തുക | ജൂൺ - മാർച്ച് | അധ്യാപകർ |
| ശില്പശാല<br>സചിത്രനോട്ടുപുസ്തകം, തയ്യാറാക്കുന്നതിനായി എല്ലാ മാസവും ശില്പശാലകൾ നടത്തുന്നു. | ജൂൺ - മാർച്ച് | എസ്.ആർ.ജി രക്ഷകർത്താക്കൾ, അധ്യാപകർ. |
| അമ്മവായന<br>രക്ഷകർത്താക്കൾ കൂടാതെ സമൂഹത്തിലെ മറ്റുള്ളവർക്കും വായിക്കാൻ അവസരം നൽകും വായനാക്കുറിപ്പിന് സ്കൂൾ വാർഷികത്തിൽ പാരിതോഷികം നൽകൽ. | ജൂൺ - മാർച്ച് | എം.പി.ടി.എ. അധ്യാപക |
| സർഗ്ഗവേള<br>അതാത് ആഴ്ചകളിലെ ക്ലാസ്സുതല പ്രവർത്തനങ്ങൾ കഥ, കവിത, വായനക്കുറിപ്പ് തുടങ്ങിയവരുടെ അവതരണം | എല്ലാമാസവും ആഴ്ചയിലൊരിക്കൽ. | വിദ്യാർ കൾ |
| മലയാളത്തിളക്കം<br>വായനയിലും എഴുത്തിലും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തൽ. | ജൂലൈ - മാർച്ച്. | അധ |